പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ജനുവരി 31, 2017

## സി.കെ.പി. സഹകരണ ബാങ്കിനു മേൽ പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി ഭാരതീയ റിസർവ്വ് ബാങ്ക് ദീർഘിപ്പിച്ചിരിക്കുന്നു.

2014 ഏപ്രിൽ 30 ന് പുറപ്പെടുവിച്ച ഡയറക്ടീവ് പ്രകാരം സി.കെ.പി സഹകരണ ബാങ്കിന്റെ (മുംബൈ, മഹാരാഷ്ട്ര) 2014 മെയ് 2 ന്റെ പ്രവർത്തനം അവസാനിക്കുന്ന സമയം മുതൽ ഡയറക്ഷനു കീഴിൽ കൊണ്ടുവന്നിരിക്കുന്നു. ഡയറക്ഷന്റെ സാധുത കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഡയറക്ടീവിൽകൂടി ദീർഘിപ്പിക്കുകയും അവസാനമായി 2016 ജൂലായ് 28 ലെ ഡയറക്ടീവ് പ്രകാരം കാലാവധി 2017 ജനുവരി 31 വരെ, പുനവലോകനത്തിന് വിധേയമായി, ദീർഘിപ്പിക്കുകയും ചെയ്തിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച ഡയറക്ഷന്റെ കാലാവധി 2017 ഫെബ്രുവരി 1 മുതൽ ജൂലായ് 31 വരെയുള്ള 6 മാസ കാലയളവിലേക്കു കൂടി പുനരവലോകനത്തിന് വിധേയമായി ദീർഘിപ്പിച്ചുകൊണ്ട് 2017 ജനുവരി 27 ന് ഉത്തരവ് പുറപ്പെടുവിച്ച വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്യുന്നു. ഇതോടൊപ്പം 2014 ഏപ്രിൽ 30 ന് പുറപ്പെടുവിച്ച ഡയറക്ടീവിൽ താഴെ വിശദീകരിക്കുന്ന ഭാഗികമായ ഭേദഗതികളും പ്രാബല്യത്തിൽ വരുത്തുന്നു.

I) വായ്പാ കരാറിന്റെ വ്യവസ്ഥയിൽ ഇടപാടുകാരന്റെ നിക്ഷേപതുക, വായ്പ തിരിച്ചടക്കുന്നതിലേക്ക് ഉപയോഗിക്കമെന്ന വ്യവസ്ഥ ഉണ്ടെങ്കിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അത്തരം ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

a) നിക്ഷേപതുക വായ്പയിലേക്ക് മാറ്റുന്ന ദിവസം ഇടപാടുകാരന്റെ അക്കൗണ്ട് KYC അനുസൃതമായിരിക്കണം.

b) ഗാരന്റർ, ജാമ്യക്കാർ അതുപോലുള്ള മറ്റു കക്ഷികൾ എന്നിവരുടെ നിക്ഷേപം ഈ ആവശ്യത്തിന് ഉപയോഗിക്കുവാൻ പാടില്ല.

c) വായ്പ നിഷ് ക്രിയ ആസ്ഥി ആകാൻ സാധ്യതയുള്ള അവസരത്തിൽ നിക്ഷേപകന്റെ സമ്മതത്തിനായി നോട്ടീസ് നൽകിക്കൊണ്ട് നിക്ഷപതുക വായ്പയിലേക്ക് മാറ്റാവുന്നതാണ്. അതേസമയം കാലാകാലങ്ങളിൽ മുടക്കമില്ലാതെ തിരിച്ചടവുള്ള വായ്പാ അക്കൗണ്ടിലേക്ക് നിക്ഷേപം ക്രമീകരിക്കുന്നതിനു മുമ്പ് നിക്ഷേപകന്റെയും വായ്പ എടുത്ത വ്യക്തിയുടെയും രേഖാമൂലമുള്ള സമ്മതപത്രം ആവശ്യമാണ്.

d) കോടതിയോ മറ്റു നിയമപരമായ സ്ഥാപനങ്ങളോ പുറപ്പെടുവിക്കുന്ന അറ്റാച്ച്മെന്റ് ഉത്തരവുകൾ, നിരതദ്രവ്യതുക, ട്രസ്റ്റുകളുടെ നിക്ഷേപം മറ്റു കക്ഷികൾക്ക് അവകാശമുള്ള നിക്ഷേപം, എന്നീ നിയന്ത്രണ വിധേയമായ നിക്ഷേപങ്ങൾ വായ്പ തുകയിലേക്ക് വരവുവയ്ക്കുവാൻ പാടുള്ളതല്ല.

II) ചിട്ടയായ ഇടപാടുകൾ നടക്കുന്നതും ഭദ്രവുമായ CC അക്കൗണ്ടുകൾ ഗുണമേന്മയുള്ള വായ്പയായി കണക്കാക്കാവുന്നതാണ്. പക്ഷേ പണം പിൻവലിക്കുവാനായി CC അക്കൗണ്ട് പുതുക്കി നൽകുന്നത് അനുവദനീയമല്ല.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളും ദീർഘിപ്പിക്കലും സൂചിപ്പിച്ചുകൊണ്ടുള്ള 2017 ജനുവരി 27 ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഭാരതീയ റിസർവ് ബാങ്കിന്റെ ഈ നടപടി കാരണം ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ അഭിവൃദ്ധിയുണ്ടായെന്ന് റിസർവ് ബാങ്ക് കരുതുന്നു എന്ന് അർത്ഥമാക്കരുത്.

അനിരുദ്ധ ഡി.യാദവ്
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന : 2016-2017/2040